# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.533      24.10.2011 ൽ മറുപടിക്ക്

**അന്തർ സംസ്ഥാന ബസുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി സജീന്ദ്രൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ.എം.പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) യാത്രക്കാരുടെ വർദ്ധനവ് കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി. കൂടുതൽ അന്തർ സംസ്ഥാന ബസുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്, യാത്രക്കാരുടെ വർദ്ധനവ് കണക്കിലെടുത്ത് തമിഴ്നാട് സർക്കാരുമായി പുതിയ ഒരു അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിലേക്കുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ ആരംഭിച്ചിട്ടുണ്ട് ;<br><br>(സി) ഇതിനായി അയൽ സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി & സി) | ഇത് സംബന്ധിച്ച് 15.9.2011 ൽ തമിഴ്നാട്ടിലെ സ്റ്റേറ്റ് എക്സ്പ്രസ്സ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പ്രതിനിധികളുമായി കെ.എസ്.ആർ.ടി.സി അധികൃതർ പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. തുടർന്നു നടക്കുന്ന ചർച്ചകളിൽ കരാർ സംബന്ധമായ കാര്യങ്ങൾക്കു കൂടുതൽ വ്യക്തത കൈവരും |

സെക്ഷൻ ഓഫീസർ